**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പദ്ധതി - സംസ്ഥാനത്തെ 136 നിയോജക മണ്ഡലങ്ങളിലുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ഐ.ടി ആവശ്യകത നിർണ്ണയിക്കുന്നതിനുള്ള സർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് ഐ.റ്റി@ സ്കൂളിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ.) നം. 3732 /16/പൊ.വി.വ തിരുവനന്തപുരം, തീയതി. 07.11.2016.

പരാമർശം:- 14.10.2016 ലെ സ.ഉ.(സാധാ) നം.3390/16/ പൊ.വി.വ.

**ഉത്തരവ്**

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്ക്കരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നാല് നിയോജകമണ്ഡലങ്ങളിലെ 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ക്ലാസുകൾ ഹൈടെക് ആക്കുന്നതിനുവേണ്ടിയുള്ള പൈലറ്റ് പദ്ധതി നിലവിലുള്ള ഫണ്ട്ഉപയോഗിച്ച് നിബന്ധനകൾക്കു വിധേയമായി നടത്തുന്നതിന് ഐ.ടി.@ സ്കൂളിനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ഹൈടെക് സ്കൂൾ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് 136 നിയോജക മണ്ഡലങ്ങളിലുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ഐ.ടി ആവശ്യകത നിർണ്ണയിക്കുന്നതിനുള്ള സർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്കു വിധേയമായി ഐ.ടി.@ സ്കൂളിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.ഇതിനുള്ള ചെലവുകൾ ഐ.റ്റി.@ സ്കൂളിന്റെ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി. ശ്രീനിവാസ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.അറ്റ് സ്കൂൾ ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.